**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 154** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** തിരൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും മലബാർ ദേവസ്വം ബോർഡ് 2016 മുതൽ 2026 വരെ ചിലവഴിച്ച തുക എത്രയാണെന്നും അവ എന്തിനൊക്കെയാണെന്നും ക്ഷേത്രം തിരിച്ച് വിശദമാക്കുമോ;

**<u>മറുപടി:</u>** 2016 മുതൽ 2026 വരെ ചെലവഴിച്ച തുകയുടെ ക്ഷേത്രം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

**(ബി)** മലബാർ മേഖലയിൽ ബലിതർപ്പണ ചടങ്ങിന്റെ പ്രധാന കേന്ദ്രമായ തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ബലിതർപ്പണ കടവും അനുബന്ധ സൗകര്യങ്ങളും നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും 2021 -26 കാലഘട്ടത്തിൽ സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുകയോ തുക വകയിരുത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഇല്ല.

**(സി)** മലബാർ മേഖലയിൽ ബലി തർപ്പണ ചടങ്ങിന്റെ പ്രധാന കേന്ദ്രമായ തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ബലിതർപ്പണ കടവും അനുബന്ധ സൗകര്യങ്ങളും നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ശ്രീ തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ ബലിതർപ്പണ കടവിലെ സുരക്ഷാ വേലിയുടെ അറ്റകുറ്റ പണികൾക്കായി 7,01,666/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും 10.10.2024 തീയതിയിലും, ബലി തർപ്പണത്തിന് എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് ഈറൻ മാറുന്നതിനും മറ്റ് അനുബന്ധ സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുമായി 2,80,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും 20.07.2024 തീയതിയിലും മലബാർ ദേവസ്വം ബോർഡ് അംഗീകരിച്ചുനൽകിയിട്ടുണ്ട്. കൂടാതെ, സുരക്ഷാ വേലിയുടെ അറ്റകുറ്റ പണി ചെയ്യുന്നതിനായി 1,12,000/- രൂപയുടെ പ്ലാനും എസ്റ്റിമേറ്റും

കൂടി അംഗീകരിച്ചു നൽകുന്നത് ബോർഡ് പരിശോധിച്ചുവരുന്നു. മേൽ പ്രവർത്തികളെല്ലാം ക്ഷേത്രത്തിന്റെ ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് മലബാർ ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെയാണ് നടത്തിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**തിരൂർ നിയോജക മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും മലബാർ ദേവസ്വം ബോർഡ് 2016 മുതൽ 2026 വരെ ചെലവഴിച്ച തുകയുടെ ക്ഷേത്രം തിരിച്ചുള്ള വിവരങ്ങൾ**

| | | Grant 2024-2025 | Grant 2022-2023 | Grant 2017-2018 | Grant 2015-2016 |
|---|---|---|---|---|---|
| 1. | ശ്രീ ഐവന്ത്രൻ പരദേവതാ ക്ഷേത്രം | 200000 | | 50000 | |
| 2. | ശ്രീ ചെന്തല വിഷ്ണു ക്ഷേത്രം | | 100000 | | |
| 3. | ശ്രീ തുമരക്കാവ് ക്ഷേത്രം | 100000 | | 200000 | 150000 |
| 4. | ശ്രീ വേമണ്ണ ക്ഷേത്രം | 200000 | 200000 | 100000 | 100000 |
| 5. | ശ്രീ ഉള്ളാർവീട് ഭഗവതി ക്ഷേത്രം വേമണ്ണ ദേവസ്വം | 100000 | | | 100000 |
| 6. | ശ്രീ വെട്ടത്ത് കാവ് ക്ഷേത്രം, വെട്ടം | | | | 100000 |